# പതിനാലാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3174** **07.02.2018-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.ഡി. പ്രസേനൻ | | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): | |
| എ) | ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. പ്രസ്തുത പദ്ധതിയ്ക്ക് 2338 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതു മുഖേന മത്സ്യോത്പാദനം 4500 കി. ഗ്രാം/ ഹെക്ടർ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം നിലവിലുള്ള ഉല്പാദനം ഇരട്ടിയാക്കുകയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ<br>2. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി<br>3. വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി<br>4. ചെമ്മീൻ കൃഷി<br>5. പാടശേഖരങ്ങളിലെ മത്സ്യകൃഷി |
| ബി) | ശുദ്ധജല മത്സ്യസമ്പത്തിൽ വൻ കുതിപ്പ് ലക്ഷ്യമാക്കി മോഡൽ ഫാമുകൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | ഇതിനാവശ്യമായ സാങ്കേതിക സഹായവും പരിശീലനവും മത്സ്യകർഷകർക്ക് നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സി) | ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതിയായ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി നടപ്പിലാക്കുന്ന നാല് വർഷങ്ങളിലായി വിവിധ തരം കാർപ്പ് മത്സ്യങ്ങൾ, ആറ്റുകൊഞ്ച് കൃഷി, ഗിഫ്റ്റ് കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി, ചെമ്മീൻകൃഷി, വിവിധതരം കൂടുകൃഷികൾ പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്.) എന്നിങ്ങനെ 21 ഓളം ഉപഘടക |

| | | | |
|---|---|---|---|
| | | | പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് അതാത് മത്സ്യകൃഷി രീതികളിൽ വിശദവും പ്രായോഗികവുമായ പരിശീലനം നൽകുന്നതിലേയ്ക്ക് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം എന്ന പേരിൽ തുടർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ ആദ്യവർഷ പദ്ധതിയിലെ ഒരു ഉപഘടകമായ കാര്യശേഷി വികസന പരിപാടിയ്ക്ക് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതോടൊപ്പം 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയായ മാതൃകാമത്സ്യ കൃഷിയിടങ്ങൾ എന്ന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 3 ദിവസത്തെ പരിശീലനം നടപ്പിലാക്കി വരുന്നു. |
| ഡി) | പ്രസ്തുത മോഡൽ ഫാമുകളിലേയ്ക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ എപ്രകാരമാണ് ലഭ്യമാക്കുന്നതെന്നും ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി ആരംഭിക്കുന്നതെന്നും വ്യക്തമാക്കാമോ ? | ഡി) | മത്സ്യകുഞ്ഞുങ്ങളെ സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ സർക്കാർ ഹാച്ചറിയിൽ നിന്നും, സർക്കാർ ഹാച്ചറിയിൽ മത്സ്യകുഞ്ഞുങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ അഡാക്കിൽ നിന്ന് ലഭ്യമാക്കുന്നു. 14 ജില്ലകളിലാണ് പദ്ധതി ആരംഭിക്കുന്നത്. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

ശുദ്ധജല മത്സ്യസമ്പത്തിൽ വൻ കുതിപ്പ് ലക്ഷ്യമാക്കി മോഡൽ ഫാമുകൾ ഒരുക്കുന്നത് സംബന്ധിച്ചുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

നൂതന മത്സ്യകൃഷി പദ്ധതി 2016-17

| ക്രമ നം. | പദ്ധതികൾ | യൂണിറ്റ് ഏരിയ/ ഹെക്ടർ | ധനസഹായ നിരക്ക് (ലക്ഷത്തിൽ/ ഹെക്ടർ) | ആനുകൂല്യങ്ങൾ (ലക്ഷം/ഹെക്ടർ) യൂണിറ്റ് |
|---|---|---|---|---|
| 1 | കുളങ്ങളിൽ ഓരുജല മത്സ്യങ്ങളുടെ കൃഷി പദ്ധതി. | 1 ഹെക്ടർ | 4.30 | 2.15 |
| 2 | ഓരുജല കൂടുകൃഷി | 36 ഘന മീറ്റർ | 3.70 | 1.85 |
| 3 | കുളങ്ങളിലെ അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി | 0.3 ഹെക്ടർ | 4.00 | 2.00 |
| 4 | അണക്കെട്ടുകളിൽ കൂടുകൃഷി | 640 ഘനമീറ്റർ | 30.00 | 24 |
| 5 | കുളങ്ങളിൽ രോഗാണുവിമുക്ത/കാര ചെമ്മീൻ കൃഷി | 1 ഹെക്ടർ | 4.24 | 2.12 |
| 6 | കുളങ്ങളിൽ നാരൻ ചെമ്മീൻ കൃഷി | 1 ഹെക്ടർ | 4.00 | 2 |
| 7 | ശുദ്ധജല-ആറ്റുകൊഞ്ച് കൃഷി | 0.4 ഹെക്ടർ | 2.40 | 1.2 |
| 8 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം | 40 ഘന മീറ്റർ | 4.70 | 2.35 |
| 9 | കുളങ്ങളിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷി | 0.2 ഹെക്ടർ | 3.70 | 1.85 |

കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതിയായ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി 650 ഹെക്ടർ ഏരിയയിൽ മാതൃകാ ശുദ്ധജല ഫാമുകൾ പദ്ധതി 14 ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 975 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ